"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന പാലിയേറ്റീവ് നേഴ്സുമാരുടെ വേതന വർദ്ധനവ്- ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.82/2024/LSGD തീയതി,തിരുവനന്തപുരം, 10-01-2024

---

പരാമർശം:-

1. 25/10/2023 തീയതിയിലെ സ.ഉ(സാധാ) നം.2083/2023/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 26/10/2023 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പൊതു വിഷയം ഖണ്ഡിക 3.1 നമ്പർ തീരുമാനം

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം പാലിയേറ്റീവ് നേഴ്സുമാരുടെ പ്രതിമാസ വേതനം ധനവകുപ്പിന്റെ 11/02/2021 ലെ 29/2021/ധന നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന Junior Public Health Nurse (JPHN) ന് നൽകാവുന്ന 24,520/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന് 01/10/2023 മുതൽ പ്രാബല്യം നൽകി ഉത്തരവായിട്ടുള്ളതാണ്. പാലിയേറ്റീവ് നേഴ്സുമാരുടെ കുറഞ്ഞ യോഗ്യതയായ JPHN/ANM കോഴ്സ് പാസ്സായവർക്ക് നൽകാവുന്ന വേതനമാണ് നിശ്ചയിച്ചിരുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ പാലിയേറ്റീവ് പ്രവർത്തനത്തിൽ മറ്റ് യോഗ്യതയുടെ അടിസ്ഥാനത്തിൽ മുൻകാലങ്ങളിൽ നിയമിക്കപ്പെട്ടവർ ഇപ്പോൾ തുടരുന്നുവെങ്കിൽ അവർക്ക് 18,390/- രൂപ വേതനത്തിന് മാത്രമേ അർഹതയുണ്ടാകൂ എന്നും ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ട്.

2. എന്നാൽ പാലിയേറ്റീവ് നേഴ്സായി നിലവിൽ പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷംപേർക്കും JPHN/ANM, General Nursing, BSC Nursing യോഗ്യതയില്ലാത്തതിനാൽ പരാമർശം (2) തീരുമാനപ്രകാരം ധനവകുപ്പിന്റെ 11/02/2021 ലെ 29/2021/ധന നമ്പർ ഉത്തരവിൽ പ്രതിപാദിക്കുന്ന Junior Public Health Nurse (JPHN) ന് നൽകാവുന്ന 24,520/- രൂപ വേതനം നിലവിൽ മറ്റ് യോഗ്യതകൾ പ്രകാരം പാലിയേറ്റീവ് നേഴ്സായി തുടരുന്നവർക്കും ബാധകമാക്കിയും എന്നാൽ 01/10/2023 മുതൽ ജോലിയിൽ പ്രവേശിക്കുന്നവർക്ക് JPHN/ANM, General Nursing, BSC Nursing യോഗ്യത ഉണ്ടെങ്കിൽ മാത്രമേ പുതുക്കിയ വേതനം നൽകാവൂ എന്നും പരാമർശം(1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു. പാലിയേറ്റീവ് പരിചരണത്തിനായി പരാമർശം(1) ഉത്തരവിലെ മറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ മാറ്റമില്ലാതെ തുടരേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
കൺവീനർ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്
കരുതൽ ഫയൽ(DB3/440/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Bijukumar T
Date: 10-01-2024 12:46:26

സെക്ഷൻ ഓഫീസർ